# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1. 5723.

27-10-2011-ൽ മറുപടിയ്ക്ക്

## ആസൂത്രണ ബോർഡിന്റെ ഘടന

ചോദ്യം.
ശ്രീ. റ്റി. എ. അഹമ്മദ് കബീർ:

ഉത്തരം.
ശ്രീ.കെ.സി.ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)

(എ) സംസ്ഥാന ആസൂത്രണ ബോർഡിന്റെ നിലവിലെ ഘടന എന്താണെന്ന് വിശദമാക്കുമോ;

(എ) മുഖ്യമന്ത്രി ശ്രീ.ഉമ്മൻചാണ്ടി ചെയർമാനും ശ്രീ.കെ.എം.ചന്ദ്രശേഖർ വൈസ് ചെയർമാനുമായ സംസ്ഥാന ആസൂത്രണബോർഡിൽ മന്ത്രിമാരായ
ശ്രീ. കെ. എം. മാണി,
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി,
ശ്രീ. കെ. സി. ജോസഫ്,
ശ്രീ. കെ. പി. മോഹനൻ,
ശ്രീ. ആര്യാടൻ മുഹമ്മദ് എന്നിവർ ഔദ്യോഗികാംഗങ്ങളും ശ്രീ. ഇ. ശ്രീധരൻ, ശ്രീ. തരുൺ ദാസ്, ശ്രീ. ജി. വിജയരാഘവൻ, ശ്രീ. സി. പി. ജോൺ എന്നിവർ അനൗദ്യോഗികാംഗങ്ങളും ശ്രീ. സുബ്രതാ ബിശ്വാസ് ഐ.എ.എസ്. മെമ്പർ സെക്രട്ടറിയുമാണ്.

(ബി) ഏതൊക്കെ മേഖലയിലെ വിദഗ്ദ്ധരെയാണ് ബോർഡിൽ ഉൾപ്പെടുത്താറുള്ളത്;

(ബി) ആസൂത്രണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ മേഖലകളിലെ വിദഗ്ദ്ധരെയാണ് ബോർഡിൽ ഉൾപ്പെടുത്താറുള്ളത്.

(സി) ബോർഡിൽ നിയമസഭാംഗങ്ങളുടെ പ്രതിനിധിയെ കൂടി ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ?

(സി) സംസ്ഥാന മുഖ്യമന്ത്രി ചെയർമാനും മന്ത്രിമാർ അംഗങ്ങളുമായുള്ള ആസൂത്രണ ബോർഡിൽ നിയമസഭാംഗങ്ങളുടെ പ്രതിനിധിയെ ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ